## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 62 | 02.03.2020- ൽ മറുപടിക്ക് |
|---|---|

## റീബിൽഡ് കേരള പദ്ധതിയിലെ ഒറ്റപ്പാലം മണ്ഡലത്തിലെ പ്രവൃത്തികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി. ഉണ്ണി : | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഏതെല്ലാം പ്രപ്പോസലുകളാണ് ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ നിന്നും ലഭ്യമായതെന്ന് വ്യക്തമാക്കാമോ; | (എ)<br>&<br>(ബി) | റീബിൽഡ് കേരള പദ്ധതിയിൽ നിയോജക മണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും, ഗതാഗതം, വനം, കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല, ഉപജീവനോപാധികൾ, ഭൂമി എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ, തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.<br><br>ഇത്തരത്തിൽ റീബിൽഡ് കേരളയുടെ കീഴിൽ ആദ്യഘട്ടത്തിൽ പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ഫിഷറീസ് വകുപ്പ്, ഗതാഗത വകുപ്പ്, ജലവിഭവ വകുപ്പ്, പരിസ്ഥിതി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, റവന്യൂ വകുപ്പ്, വിവരസാങ്കേതിക വകുപ്പ്, തുടങ്ങിയ വകുപ്പുകളുടേതായി 1865 കോടി രൂപ ചെലവ് വരുന്ന വിവിധ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.<br><br>അംഗീകരിക്കപ്പെട്ട പൊതുമരാമത്ത് വകുപ്പിൻറെ പദ്ധതികളിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന പാലക്കാട്- പെരിന്തൽമണ്ണ റോഡ് (36.8 KM) ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | അതിൽ ഏതെല്ലാം പദ്ധതികളാണ് അംഗീകരിക്കപ്പെട്ടതെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ അവസ്ഥ എന്താണെന്നും വിശദാംശം അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ